# കോവിഡും പരിസ്ഥിതിയും

ഈ നൂറ്റാണ്ടിലെ ലോകത്തിന്റെ വെല്ലുവിളിയായി മാറുന്ന രോഗമാണ് കൊറോണ വൈറസ് മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നത്.പലതരം വൈറസുകളിൽ ഒരു പ്രത്യേക ഇനത്തിൽ ഇവ പെടുന്നു. മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗം ഉണ്ടാക്കുന്ന ഒരുകൂട്ടം വൈറസുകളാണ് കൊറണ വൈറസുകൾ. ഇവ സാധാരണ ജലദോഷപ്പനി മുതൽ SARS (Severe Acute Respiratory Syndromme), MERS (Middle East Respiratory Syndromme), COVID19 എന്നിവവരെ ഉണ്ടാക്കാൻ ഇടയാക്കുന്ന ഒരു കൂട്ടം വൈറസുകളാണ്. ശ്വാസനാളത്തെ ബാധിച്ച് മരണം വരെ സംഭവിച്ചേക്കാം. ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ 1937-ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്. കഴിഞ്ഞ വർഷങ്ങളായി എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ എന്നിവയെ ബാധിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി.

രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് വ്യാപിക്കുന്ന തരം അസുഖമായത് കൊണ്ട് കൊറോണ രോഗം പാൻസെമിക് രോഗം എന്നറിയപ്പെടുന്നു. ഒരു ഭൂഖണ്ഡത്തിൽനിന്നും മറ്റു ഭൂഖണ്ഡങ്ങളിലേക്കും ലോകമാസകലം വരെ പടർന്നുപിടിക്കാവുന്ന തരം പകർച്ചവ്യാധിയായാണ് വൈദ്യശാസ്ത്രത്തിൽ പാൻസെമിക് എന്ന പേരിൽ അറിയപ്പെടുന്നത്.

ശരീരസ്രവങ്ങളിൽ നിന്നാണ് രോഗം പകരുന്നത്. ചുമക്കുമ്പോഴോ തുമ്മുമ്പോഴോ ശരീരസ്രവങ്ങൾ വെളിയിലേക്ക് വന്ന് മറ്റുള്ളവരിലേക്ക് എത്തിയാണ് രോഗം പകരുന്നത്. രോഗിയുമായി ഹസ്തദാനം, വൈറസ് ബാദിച്ചവർ തൊട്ട വസ്തുക്കളിൽ നമ്മൾ തൊട്ട് ആ കൈകൊണ്ട് മൂക്കിലോ വായിലോ തൊടുമ്പോൾ നമുക്കും രോഗം വരാം. അതുകൊണ്ട് കോവിഡ്19 ന് ജാഗ്രതയാണ് ഏറ്റവും വലിയ പ്രതിരോധമെന്ന് പറയുന്നു. കൊറോണ വൈറസിന്റെ ഇൻക്യുബേഷൻ കാലം 14 ദിവസം ആയതിനാൽ രോഗലക്ഷണം കാണുന്നതിന് 14 ദിവസം കാത്തിരിക്കേണ്ടി വരും. കൊറോണ വൈറസിന് പ്രത്യേകം ചികിത്സയില്ല. പ്രതിരോധവാക്സിനും ലഭ്യമല്ല. രോഗിയെ ഐസൂലേറ്റ് ചെയ്യുകയാണ് രോഗത്തെ തടഞ്ഞുനിർത്താനുള്ള മാർഗം. ആരോഗ്യപ്രവർത്തകരും കൊറോണവൈറസ് രോഗമുള്ളവരെ പരിചരിക്കുന്നവരും സർജിക്കൽ മാസ്ക് ധരിക്കേണ്ടതാണ്.

അനാവശ്യമായി കണ്ണിലും മൂക്കിലും തൊടാതിരിക്കുക, വ്യക്തികൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുക, മുഖാവരണം ഉപയോഗിക്കുക, കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി വൃത്തിയായി കഴുകി സൂക്ഷിക്കുക, കൈകൾ അണുവിമുക്തമാക്കാൻ ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുക-രോഗത്തെ തടഞ്ഞു നിർത്താം.

ലോകത്ത് 180 രാജ്യങ്ങളിൽ കോവിഡ്-19 സ്ഥിരീകരിച്ച് കഴിഞ്ഞു. മാർച്ച് മാസം ആദ്യവാരത്തിൽ 1 ലക്ഷം രോഗികളുണ്ടായത് 2-ാം ആഴ്ച്ചയായപ്പോൾ 10 ലക്ഷമായി ഉയർന്നു. 2019 നവംബറോടെയെങ്കിലും ചൈനയിലെ ഹുബയ് പ്രവിശ്യയിലെ വുഹാനിൽ രോഗം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. എന്നാൽ 2019 ഡിസംബർ 31 നാണ് കൊറോണ രോഗം ചൈനയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ചൈനയിൽ കണ്ടെത്തിയത് ജനിതകമാറ്റം സംഭവിച്ച പുതിയ കൊറോണവൈറസാണ്.

ഏഷ്യൻരാജ്യമായ ചൈനയിൽ കണ്ടെത്തിയ വൈറസ് രോഗം വളരെപ്പെട്ടെന്ന് തന്നെ യൂറോപ്യൻരാജ്യങ്ങൾ കീഴടക്കി. ദക്ഷിണയൂറോപ്പിലെ ഏറ്റവും മനോഹരമായ രാജ്യമാണ് ഇറ്റലി. സൗന്ദര്യാരാദകരും സുഖലോലുപന്മാരുമാണ് ഇറ്റലിക്കാർ. എല്ലാ ആധുനിക സംവിധാനങ്ങളും, ആശുപത്രികളും ഉള്ള ഇറ്റലിയെ കൊറോണ വിഴുങ്ങി. ഡോക്ടർമാർ ഉൾപ്പെടുന്ന ആരോഗ്യപ്രവർത്തകർക്കും മരണം സംഭവിച്ചു. 100 ലധികം ഡോക്ടർമാർ ഇറ്റലിയിൽ തന്നെ മരിച്ചിട്ടുണ്ട്. ഇറ്റലിക്ക് പിന്നാലെ സ്പെയിനും ലോകത്തിന്റെ സാമ്പത്തികശക്തിയായ അമേരിക്കയിലും രോഗം താണ്ഡവമാടി. എന്തുചെയ്യണമെന്നറിയാതെ ലോകം വിറങ്ങലിച്ചുനിന്നു.

രോഗത്തെ നിയന്ത്രിക്കാൻ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച ആദ്യ രാജ്യം സ്പെയിനാണ്. ഇപ്പോൾ ലോകം തന്നെ ആഗോള അടിയന്തിരാവസ്ഥയിലാണ്. പ്രായമുള്ളവരിലും കുട്ടികളിലും രോഗം എളുപ്പത്തിൽ പിടിപെടാമെന്നും അവരുടെ പ്രതിരോധസംവിധാനത്തെ തകർത്ത് മരണം സംഭവിക്കുമെന്നും ശാസ്ത്രലോകം അഭിപ്രായപ്പെട്ടു. എന്നാൽ യൂറോപ്യൻരാജ്യത്തെ ന്യൂയോർക്കിൽ ചെറുപ്പക്കാരെയും രോഗം വിഴുങ്ങി. ആദ്യമായി രോഗം സ്ഥിരീകരിച്ച രാജ്യത്തെ ഭരണാധികാരി ബ്രസീലിയൻ പ്രസിഡന്റ് ജെയ്ർ ബോൽ സൊനാരോ ആണ്. കൊറോണ വൈറസിനെതിരെ കണ്ടെത്തിയ ആദ്യത്തെ വാക്സിൻ MRNA-1273 പരീക്ഷിക്കാൻ സ്വമേധയ എത്തിയ ആദ്യ മനുഷ്യജീവി അമേരിക്കക്കാരിയായ ജെന്നിഫർ ഹാലെർ ആണ്.

ഇന്ത്യയിൽ ആദ്യമായി കൊറോണ സ്ഥിരീകരിച്ചത് കേരളത്തിൽ തൃശ്ശൂർ ജില്ലയിലാണ്. രോഗവ്യാപനം തുടങ്ങുമ്പോൾ തന്നെ ഇന്ത്യൻ പ്രധാനമന്ത്രി 2020 മാർച്ച്

22-ാം തിയതി ജനതാ കർഫ്യൂവിന് ആഹ്വാനം ചെയ്തു. കൊറോണ വൈറസ് സംശയനിവാരണത്തിനായി കേന്ദ്ര ആരോഗ്യമന്ത്രാലയം 1075 എന്ന ടോൾ ഫ്രീ നമ്പർ സൗകര്യപ്പെടുത്തി.

കേരളത്തിൽ ഇറ്റലിയിൽ നിന്നും പത്തനംതിട്ടയിലേക്കെത്തിയ 5 ഇറ്റലിക്കാരിൽ രോഗം സ്ഥിരീകരിച്ചു. സംസ്ഥാനം ലോക്ഡൗൺ പ്രഖ്യാപിച്ചു. കൊറോണവൈറസിനെ കേരളസംസ്ഥാനം ദുരന്തമായി പ്രഖ്യാപിച്ചു. വൈറസ് വ്യാപനം തടയാൻ ആരോഗ്യവകുപ്പ് Break The Chain ക്യാമ്പയിൻ പ്രവർത്തനം ആരംഭിച്ചു.

ഇന്ത്യയിൽ മഹാരാഷ്ട്ര, ഡൽഹി, മധ്യപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടായി. 13387 പേർ രോഗം സ്ഥിരീകരിച്ചതിൽ 437 പേർ മരണമടഞ്ഞു. കേരളത്തിൽ ആരോഗ്യവകുപ്പും പോലീസും രോഗവ്യാപനം തടയുന്നതിന് അശ്രാന്തം പ്രവർത്തിച്ചു വരുന്നു. ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനം ലോകത്തിന് തന്നെ മാതൃകാപരമാണ്. ലോകത്തിൽ മരണസംഖ്യ ഒന്നരലക്ഷം കവിഞ്ഞപ്പോൾ കേരളത്തിൽ അത് വെറും രണ്ടെണ്ണമായി നിർത്താൻ കഴിഞ്ഞു. പ്ലേഗ്, വസൂരി എന്നീ മഹാമാരികൾ പോലെ കൊറോണ വൈറസും ലോകത്തെ അടക്കിഭരിക്കുമ്പോൾ വ്യക്തി ശുചിത്വവും, സാമൂഹിക അകലം പാലിക്കലും, നിയമം അനുസരിക്കലും കൊണ്ട് ഈ കൊച്ചുകേരളം ലോകത്തിന് മാതൃകയാവുന്നു.

ഈ മഹാമാരി ലോകസാമ്പത്തിക രംഗത്തെ തകർത്തു കളയും. ആഗോളമാന്ദ്യത അനുഭവപ്പെടാം. ലോകക്രമം തന്നെ മാറിപ്പോകാം. തൊഴിൽ സംസ്കാരത്തിന് മാറ്റം വരാം. ജീവിതം പണം കൊണ്ട് മാത്രം സുരക്ഷിതമല്ല എന്ന തിരിച്ചറിവ് ലോകത്തിന് മുന്നിൽ അവതരിപ്പിക്കപ്പെടാം. ദുസ്വപ്നങ്ങളിൽപ്പോലും കാണാത്തത്ര അനിശ്ചിതത്വത്തിലൂടെയാണ് ജീവിതം കടന്നുപോകുന്നത്. ലോകത്തെ നമുക്ക് തിരിച്ചുപിടിക്കേണ്ടതുണ്ട്. നന്മ വറ്റാത്ത, പണത്തിൽ കണ്ണുതള്ളാത്ത, പ്രകൃതിയെ സ്നേഹിക്കുന്ന, മറ്റുള്ളവരെ അറിയുന്ന ഒരു സംസ്കാരം ഉടലെടുക്കേണ്ടതുണ്ട്. മറ്റു രാജ്യങ്ങളുടെ സംസ്കാരവും ജീവിതരീതിയുമായി നമ്മുടെ ജീവിതത്തെ താരതമ്യം ചെയ്യാം. എന്നാൽ അതാവണം കേരളത്തിന്റെ രീതി എന്ന് ശഠിക്കരുത്.

കേവലം മൂന്നുനാലു ദിവസങ്ങൾ കൊണ്ട് തന്നെ പ്രകൃതി ഒരുപാട് മാറി. ചൂടുകുറഞ്ഞു, മഴ പെയ്തതുപോലെ പലയിടത്തും തണുപ്പ് അനുഭവപ്പെട്ടു, റോഡിൽ നിന്നും പൊടിയും പുകയും ഒന്നും ഇല്ല, വീടിന്റെ ചുറ്റുപാടും പക്ഷികൾ ചിലയ്ക്കുന്ന ശബ്ദം. അവർ വലിയ സന്തോഷത്തിലാണ്. തങ്ങൾക്ക് പ്രകൃതിയെ തിരിച്ചുകിട്ടിയപോലെ......

ഭൂമിയെ രക്ഷിക്കാൻ....... അറിവുള്ള മനുഷ്യന് പ്രകൃതി കൊടുത്തതാവാം ഈ ലോക്ഡൗൺ.....

കശ്യപ്.ടി.ആർ
G.H.S.S ഉമ്മിണി
Std 9